"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്-മോക്ക് ഡ്രില്ലിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ബെനഡിക് മെന്റോ സൈക്കോ സോഷ്യൽ സെന്ററിന്റെ മേൽക്കൂര തകർന്നതിന് നഷ്ടപരിഹാരം അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.495/2024/DMD　തീയതി,തിരുവനന്തപുരം, 21-07-2024

---

പരാമർശം:-
1. കമ്മീഷണർ, ദുരന്ത നിവാരണത്തിന്റെ 08/02/2024 ലെ MTO IV/2684/2022/Admin നമ്പർ കത്ത്.
2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 27/06/2024 ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം താലൂക്കിൽ 29.12.2022 -ൽ നടത്തിയ മോക്ക് ഡ്രില്ലിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ബെനഡിക് മെന്റോ സൈക്കോ സോഷ്യൽ സെന്ററിന്റെ മേൽക്കൂര തകർന്നതായും നാശനഷ്ടത്തിന്റെ തോത് കഠിനംകുളം ഗ്രാമപഞ്ചായത്ത് അസിസ്റ്റൻ്റ് എഞ്ചിനീയർ (LID & EW) പരിശോധിച്ച്, തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയായ ₹75,093/- (എഴുപത്തയ്യായിരത്തി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) രൂപ നിർവഹണോദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പരാമർശത്തിലെ കത്ത് പ്രകാരം കമ്മീഷണർ, ദുരന്ത നിവാരണം റിപ്പോർട്ട് ചെയ്തിരുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 27/06/2024 ലെ യോഗം മേൽ വിഷയം പരിശോധിക്കുകയും ബെനഡിക് മെന്റോ സൈക്കോ സോഷ്യൽ സെന്ററിന്റെ മേൽക്കൂര തകർന്നതിനുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം താലൂക്കിൽ 29.12.2022 -ൽ നടത്തിയ മോക്ക് ഡ്രില്ലിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ബെനഡിക് മെന്റോ സൈക്കോ സോഷ്യൽ സെന്ററിന്റെ മേൽക്കൂര തകർന്നതിന് കഠിനംകുളം ഗ്രാമപഞ്ചായത്ത് അസിസ്റ്റൻ്റ് എഞ്ചിനീയർ (LID & EW) തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയായ ₹75,093/- (എഴുപത്തയ്യായിരത്തി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 Flood other items എന്ന

ശീർഷകത്തിൽ നിന്ന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. മേൽ തുക ബെനഡിക് മെന്റോ സൈക്കോ സോഷ്യൽ സെന്ററിന് അനുവദിക്കുന്നതിനുള്ള നടപടി തിരുവനന്തപുരം ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക അനുവദിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുമുള്ള നടപടി തിരുവനന്തപുരം ജില്ലാകളക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 25-07-2024 10:54:12**
സെക്ഷൻ ഓഫീസർ